# ഐ.പി.എച്ച് പുസ്തകമേളയും സാംസ്കാരിക സമ്മേളനങ്ങളും

**കോഴിക്കോട്:** ഇൻഡോർ സ്റ്റേഡിയത്തിൽ ഏപ്രിൽ 29 മുതൽ മെയ് 6 വരെ ഐ.പി.എച്ച് പുസ്തകമേളയും സാംസ്കാരിക സമ്മേളനങ്ങളും നടന്നു. ആശയസംവാദം സാമൂഹിക പുരോഗതിക്ക് ഒഴിച്ചുകൂടാനാവാത്തതാണെന്ന് സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്ത് മേയർ എം. ഭാസ്കരൻ അഭിപ്രായപ്പെട്ടു. ഐ.പി.എച്ച് പോലുള്ള പ്രസിദ്ധീകരണാലയങ്ങൾ ജനങ്ങളെ വിവിധ ചിന്തകളുമായി പരിചയപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിക്കുന്ന *സ്വിഹാഹുസ്സിത്ത*യുടെ പ്രഥമ വാള്യം *സ്വഹീഹുൽ ബുഖാരി*യുടെ പ്രകാശനം ശാന്തപുരം അൽ ജാമിഅ അൽ ഇസ്‌ലാമിയ ഡയറക്ടർ വി.കെ അലി നിർവഹിച്ചു.  ഇ.എൻ മുഹമ്മദ് മൗലവി ഏറ്റുവാങ്ങി. ശൈഖ് മുഹമ്മദ് കാരകുന്ന് അധ്യക്ഷത വഹിച്ചു. എ. അബ്ദുസ്സലാം സുല്ലമി, ഇ.കെ.എം പന്നൂർ, അബ്ദുല്ലാ ഹസൻ സംസാരിച്ചു. കെ.ടി ഹുസൈൻ സ്വാഗതവും സലീം മുണ്ടുമുഴി നന്ദിയും പറഞ്ഞു.

രണ്ടാം ദിവസം സച്ചാർ സമിതി റിപ്പോർട്ടിന്റെ സമ്പൂർണ മലയാള വിവർത്തനത്തിന്റെ പ്രകാശനം മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി ടി.എ അഹ്മദ് കബീർ ഡോ. കെ.കെ ഉസ്മാന് നൽകി നിർവഹിച്ചു. മുസ്‌ലിം സമുദായത്തിന്റെ ശാക്തീകരണം ലക്ഷ്യം വെച്ചുള്ള കൂട്ടായ്മ വളരണമെന്ന് അഹ്മദ് കബീർ പറഞ്ഞു. *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ അധ്യക്ഷത വഹിച്ചു. ഡോ. കെ.കെ ഉസ്മാൻ, കെ.പി.സി.സി ജനറൽ സെക്രട്ടറി എം.ഐ ഷാനവാസ്, ഡി.വൈ.എഫ്.ഐ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.കെ മുഹമ്മദ്, പി.ഐ നൗഷാദ് സംസാരിച്ചു. എ.എ ഹലീം സ്വാഗതം പറഞ്ഞു.

ഭരണകൂടം സാമ്രാജ്യത്വവുമായി സന്ധിയായതാണ് 1857-ലെ സമരത്തിന്റെ വാർഷികാഘോഷത്തിന് പരിഗണന ലഭിക്കാതിരിക്കാൻ കാരണമെന്ന് മൂന്നാം ദിവസം നടന്ന '1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം' ചർച്ച ഉദ്ഘാടനം ചെയ്ത ഡോ.കെ.എൻ പണിക്കർ അഭിപ്രായപ്പെട്ടു. മതസൗഹാർദത്തിലൂന്നിയ ഈ സമരത്തിന്റെ ചരിത്രം സ്വാംശീകരിക്കേണ്ടത് രാജ്യതാൽപര്യമാണ്. സാമ്രാജ്യത്വവിരോധം ചുമടായി മാറുകയും ചരിത്രം പുനർവ്യാഖ്യാനം ചെയ്ത് അധിനിവേശത്തെ മഹത്വവൽക്കരിക്കുകയും ചെയ്യുന്ന നിലവിലെ സാഹചര്യത്തിൽ ഇത്തരം കാര്യങ്ങൾ അവഗണിക്കപ്പെടുന്നുവെന്ന് അദ്ദേഹം പറഞ്ഞു. വി.എ കബീർ അധ്യക്ഷത വഹിച്ചു. സുനിൽ പി. ഇളയിടം, ഡോ. എസ്.എം മുഹമ്മദ് കോയ, ഖാസിം വി. ഇരിക്കൂർ, കൂട്ടിൽ മുഹമ്മദലി സംസാരിച്ചു. ശിഹാബുദ്ദീൻ ആരാമ്പ്രം സ്വാഗതം പറഞ്ഞു.

നാലാം ദിവസം 'ഇന്ത്യയിൽ ഇസ്‌ലാമിക സമൂഹത്തിന്റെ നിയോഗം' എന്ന വിഷയത്തിൽ ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി പ്രഭാഷണം നടത്തി. ഇന്ത്യൻ മുസ്‌ലിംകൾ അവരുടെ പ്രബോധന പ്രവർത്തനങ്ങളിലും സഹോദര സമുദായങ്ങളുമായി ഇടപഴകുന്നതിലും കാതലായ മാറ്റം വരുത്തണമെന്ന് അദ്ദേഹം പറഞ്ഞു. സാമുദായികമായല്ല, ആദർശപരമായി സംഘടിക്കുകയാണ് ഇന്ത്യയെപ്പോലുള്ള ബഹുസ്വര സമൂഹത്തിൽ മുസ്‌ലിംകൾക്ക് അഭികാമ്യമായിട്ടുള്ളത്. ജാതി-മതവൈവിധ്യത്തിൽ അധിഷ്ഠിതമായ ഇന്ത്യൻ ജനതയിൽ ഇസ്‌ലാമിന്റെ സാമൂഹികനീതിയും സാമ്പത്തിക നീതിയും അവതരിപ്പിക്കാൻ നാം സന്നദ്ധരാകണം- അമീർ പറഞ്ഞു. ശൈഖ് മുഹമ്മദ് കാരകുന്ന് അധ്യക്ഷത വഹിച്ചു. ശിഹാബുദ്ദീൻ അമ്പലപ്പുഴ സ്വാഗതം പറഞ്ഞു.

പുത്തൻ സാമ്പത്തിക നയത്തിനെതിരെ ജനകീയ കൂട്ടായ്മ അനിവാര്യമാണെന്ന് അഞ്ചാം ദിവസം നടന്ന സെമിനാർ അഭിപ്രായപ്പെട്ടു. സർക്കാർ കൈകാര്യം ചെയ്യേണ്ട മേഖലകൾ കുത്തകകൾക്കായി നീക്കിവെക്കുന്നതിലൂടെ ജനങ്ങളുടെ ജീവിക്കാനുള്ള അവകാശമാണ് അപഹരിക്കപ്പെടുന്നതെന്ന് വായ്പയുടെ രാഷ്ട്രീയത്തെക്കുറിച്ച് സംസാരിച്ച ഡോ. ആസാദ് അഭിപ്രായപ്പെട്ടു. പ്രത്യേക സാമ്പത്തിക മേഖലയെക്കുറിച്ച് സി.ആർ നീലകണ്ഠൻ, ചില്ലറ വ്യാപാര രംഗത്തെ കുത്തകവൽക്കരണത്തെപ്പറ്റി ഡോ. കെ. മുഹമ്മദ് നജീബ്, 'സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിന്റെ പ്രത്യയശാസ്ത്രം' എന്ന വിഷയത്തിൽ ടി.കെ ഫാറൂഖ് സംസാരിച്ചു.

ആറാം ദിവസം നടന്ന വനിതാ സമ്മേളനം സ്ത്രീ ചൂഷണത്തിനെതിരെയുള്ള പ്രതിരോധത്തിൽ ഒന്നിക്കാൻ ആഹ്വാനം ചെയ്തു. സ്ത്രീ സംഘടനകൾ വർധിക്കുമ്പോഴും അവർക്ക് നേരെയുണ്ടാവുന്ന അതിക്രമങ്ങൾ കൂടുകയാണെന്ന് 'സ്ത്രീ, കുടുംബം, സംസ്കാരം' ചർച്ച ഉദ്ഘാടനം ചെയ്ത പി.പി അബ്ദുർറഹ്മാൻ അഭിപ്രായപ്പെട്ടു. സ്ത്രീകൾ സ്വതന്ത്രരും സുരക്ഷിതരുമാവുമ്പോഴേ ഒരു സമൂഹം പുരോഗതി പ്രാപിക്കൂവെന്ന് അദ്ദേഹം പറഞ്ഞു. കെ.പി സുധീര, ഇ.സി ആഇശ, ജമീല എടവണ്ണ, പി.വി റഹ്മാബി, ജസീന സംസാരിച്ചു.

ഏഴാം ദിവസം സംഘടിപ്പിച്ച കലാസന്ധ്യ 'സ്മൃതിധാര' വി.എം കുട്ടി ഉദ്ഘാടനം ചെയ്തു. റഹ്മാൻ മുന്നൂര് അധ്യക്ഷനായിരുന്നു. പി. ഭാസ്കരൻ, പ്രേംസൂറത്ത്, ദേവദാസ് പയ്യോളി എന്നിവരുടെ മാപ്പിളപ്പാട്ടുകൾ ഡോ. മനുലാൽ, ഷാനവാസ്, ബാസിമ ചെറുവാടി, സഹ്‌ല, സുഹൈൽ, റഫീഖ് അവതരിപ്പിച്ചു.

ന്യൂനപക്ഷങ്ങൾ വെല്ലുവിളി നേരിടുന്ന വർത്തമാനകാലത്ത് സ്വത്വസംരക്ഷണത്തിന് ജനാധിപത്യമാർഗങ്ങൾ അവലംബിക്കണമെന്ന് സമാപനദിവസം നടന്ന 'സ്വത്വസംരക്ഷണം ജനാധിപത്യ സംവിധാനത്തിൽ' എന്ന ചർച്ച ഉദ്ഘാടനം ചെയ്ത് ഇ.ടി മുഹമ്മദ് ബശീർ പ്രസ്താവിച്ചു. സ്വത്വസംരക്ഷണത്തിന് അക്രമ-തീവ്രവാദ മാർഗങ്ങൾ സ്വീകരിക്കുന്നത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കുമെന്നും അദ്ദേഹം പറഞ്ഞു. പ്രഫ. കെ.പി കമാലുദ്ദീൻ അധ്യക്ഷത വഹിച്ചു. എൻ.കെ അബ്ദുൽ അസീസ്, അഡ്വ. കെ.എൻ.എ ഖാദർ, സി.കെ അബ്ദുൽ അസീസ് എം. സാജിദ്, സി. ദാവൂദ് സംസാരിച്ചു. ഐ.പി.എച്ച് ഡയറക്ടർ ശൈഖ് മുഹമ്മദ് കാരകുന്ന് സ്വാഗതവും മാനേജർ എ.പി മൂസക്കോയ നന്ദിയും പറഞ്ഞു.

**അബ്ദുല്ല തരുവണ**